<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690</u> <u>02-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ഒഴലപ്പതി വില്ലേജിൽ അനധികൃതമായി കൈവശപ്പെടുത്തിയ പട്ടയ ഭൂമി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ മല്ലമ്പതി പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് 1998-1999 വർഷങ്ങളിൽ പട്ടയമായി അനുവദിച്ചുകിട്ടിയ ഭൂമി മറ്റ വിഭാഗക്കാർ അനധികൃതമായി കൈവശപ്പെടുത്തിയത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ്ഗക്കാരുടെ പേര് വിവരങ്ങൾ, ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ തുടങ്ങിയ വിവരങ്ങളും ഭൂമി കൈവശപ്പെടുത്തിയത് ആരെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) | ഒഴലപ്പതി വില്ലേജ് പരിധിയിലുള്ള പ്രസ്തുത ഭൂമി ചിറ്റൂർ താലൂക്ക് ലാൻഡ്ബോർഡ് സി.സി.നം.1946/74 ഉത്തരവ് പ്രകാരം ശ്രീ.സുബയ്യ കൗണ്ടർ, s/o കുപ്പാണ്ട കൗണ്ടർ എന്നിവരിൽ നിന്നും ഏറ്റെടുത്തിട്ടുള്ളവയാണ്. പ്രസ്തുത ഭൂമി ബ്ലോക്ക് നം.28ൽ 37/3, 48/1, 48/2, 49/1, 174/2, 175/2,3 & 182/4,5 (പഴയ സർവ്വേ നമ്പർ 303/1pt, 298/2,5 pt , 325/pt ) എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടവയാണ്. വില്ലേജ് ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരവും പ്രാദേശികമായി അന്വേഷണം നടത്തിയതിലും പ്രസ്തുത ഭൂമി (40.66 ഏക്കർ) 166 പേർക്കായി പതിച്ച് നൽകിയിട്ടുള്ളതും ആയതിൽ 8 ഏക്കർ ഭൂമി 33 പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പതിച്ച് നൽകിയതായും ടി 33 പേരിൽ മിക്കവരും ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളതായും വ്യക്തമാകുന്നു. ഭൂമി കൈമാറ്റം നടത്തിയവരുടെയും കൈവശപ്പെടുത്തിയവരുടേയും പേരു വിവരങ്ങളും വിസ്തീർണ്ണവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി, നിയമവിരുദ്ധ കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 1999 -ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമ പ്രകാരം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് | (സി) | ഒഴലപ്പതി വില്ലേജ് പരിധിയിലുള്ള പ്രസ്തുത ഭൂമി ചിറ്റൂർ താലൂക്ക് ലാൻഡ്ബോർഡ് സി.സി.നം.1946/74 ഉത്തരവ് പ്രകാരം ശ്രീ.സുബയ്യ കൗണ്ടർ, s/o |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | | കുപ്പാണ്ട കൗണ്ടർ എന്നിവരിൽ നിന്നും ഏറ്റെടുത്തിട്ടുള്ളവയാണ്. പ്രസ്തുത ഭൂമി ബ്ലോക്ക് നം.28ൽ 37/3, 48/1, 48/2, 49/1, 174/2, 175/2,3 & 182/4,5 (പഴയ സർവ്വേ നമ്പർ 303/1pt, 298/2,5 pt , 325/pt ) എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടവയാണ്. വില്ലേജ് ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരവും പ്രാദേശികമായി അന്വേഷണം നടത്തിയതിലും പ്രസ്തുത ഭൂമി (40.66 ഏക്കർ) 166 പേർക്കായി പതിച്ച് നൽകിയിട്ടുള്ളതും ആയതിൽ 8 ഏക്കർ ഭൂമി 33 പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പതിച്ച് നൽകിയതായും ടി 33 പേരിൽ മിക്കവരും ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളതായും വ്യക്തമാകുന്നു. ഭൂമി കൈമാറ്റം നടത്തിയവരുടെയും കൈവശപ്പെടുത്തിയവരുടേയും പേരു വിവരങ്ങളും വിസ്തീർണ്ണവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി, നിയമവിരുദ്ധ കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ